**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 81** **18-09-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി യു പ്രതിഭ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ മെട്രിക്ക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ പുതിയ സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ ഏട്ടു വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് **2022** സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും, ഒൻപതു, പത്തു ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി **മാർഗ്ഗദീപം** എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിക്കുകയും, 1,21,667 വിദ്യാർത്ഥികൾക്കായി പതിനെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷവും ഈ പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | 2024-25 വർഷം എത്ര കുട്ടികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) | രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്ന് മുതൽ ഏട്ടു വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ നൽകി വന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് **2022** സാമ്പത്തിക വർഷം മുതൽ നിർത്തലാക്കുകയും, ഒൻപതു, പത്തു ക്ലാസുകളിലെ വിദ്യാർത്ഥികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി **മാർഗ്ഗദീപം** എന്ന പുതിയൊരു സ്കോളർഷിപ്പ് പദ്ധതിയ്ക്കായി 2024-25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിക്കുകയും, 1,21,667 വിദ്യാർത്ഥികൾക്കായി പതിനെട്ട് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പ സാമ്പത്തിക വർഷവും ഈ പദ്ധതിയ്ക്കായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | 2025-26 സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | 2025-26 സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് നടപ്പാക്കുന്ന സ്കോളർഷിപ്പ്പദ്ധതികളും, ഇതിനായി വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സ്കോളർഷിപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ പ്ലാൻ

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
|---|---|---|---|---|---|
| 1. | സി.എ./ സി. എം.എ/സി.എസ് സ്കോളർഷിപ്പ് | "2225-04-277-96-12(P)" | പ്രതിവർഷം 15,000/- രൂപ (കോഴ്സ് കാലയളവിനുള്ളിൽ ഒറ്റത്തവണ മാത്രം) | സി.എ/ സി.എം.എ/ സി.എസ് കോഴ്സുകളിൽ ഫൈനൽ, ഇന്റർമീഡിയേറ്റ് യോഗ്യത നേടുന്നതിനായി പരിശീലന കോഴ്സുകളിൽ പങ്കെടുക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | 97 |
| | യു.ജി. സി / സി .എസ്.ഐ.ആർ/ നെറ്റ് പരീക്ഷാ പരിശീലനം | | സ്ഥാപനത്തിന് ഒരു ബാച്ചിന് 80,000/- രൂപ | ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് UGC/CSIR-NET പരീക്ഷയ്ക്ക് സൗജന്യമായി പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണിത്. തിരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി, കോളേജുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കുന്നു. | |

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
|---|---|---|---|---|---|
| | IITs, IIM, IISc, IMSc എന്നീ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | 50,000/- രൂപ (കോഴ്സ് കാലയളവിനുള്ളിൽ ഒറ്റത്തവണ മാത്രം) | ഐഐടി/ ഐഐഎം/ ഐഐഎസ്സി, ഐഎംഎസ്സി എന്നിവയ്ക്ക് കീഴിൽ ബിരുദാനന്തര ബിരുദ/ബി.ഇ/പി.എച്ച്.ഡി കോഴ്സുകൾ പഠിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | " |
| 2 | പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് | "2225-04-277-91-12(P)" | എസ് .എസ്.എൽ.സി/ പ്ലസ് ടു/ വി.എച്ച്.എസ്.ഇ വിഭാഗത്തിന് – 10,000/- രൂപയും | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ,സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ | |

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
|---|---|---|---|---|---|
| | അവാർഡ് | | ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ച വർക്ക് 15,000/-രൂപയും | പരീക്ഷകൾക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയവർക്കും,ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്കും സ്കോളർഷിപ്പ് അവാർഡ് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. | 714 |
| | സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെൻറ് സ്കീം | | കോഴ്സ് ഫീ ഇനത്തിൽ പ്രതിവർഷം 20,000/- രൂപയും, ഹോസ്റ്റൽ ഫീ ഇനത്തിൽ 10,000/- രൂപയും | സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ന്യൂനപക്ഷ മത വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് കോഴ്സ് ഫീ/ഹോസ്റ്റൽ ഫീസ് റീ - ഇംബേഴ്സ്മെന്റ് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. | |

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
|---|---|---|---|---|---|
| | വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് | | പരമാവധി 5,00,000/- രൂപ | സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദേശ സർവകലാശാലകളിലെ യുജി/പി.ജി/Degree only)/പിഎച്ച്ഡി കോഴ്സുകളിൽ ഉന്നത വിദ്യാഭ്യാസം നേടുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദേശത്ത് ഉന്നത പഠനത്തിനായി ഇന്ത്യയിൽ ഷെഡ്യൂൾഡ് കൊമേഷ്സ്യൽ ബാങ്കുകളിൽ നിന്നോ അല്ലെങ്കിൽ കേരള സംസ്ഥാന ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്ന ധനകാര്യ സ്ഥാപനത്തിൽ നിന്നോ വിദ്യാഭ്യാസ വായ്പ നേടിയിട്ടുള്ളവർക്ക് ലോൺ സബ്സിഡി സഹായം നൽകാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. | |

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
| --- | --- | --- | --- | --- | --- |
| 3 | സ്വകാര്യ ഐ.റ്റി.ഐ - കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം | "2225-04-277-94(P)" | 10000/- (ഒരു വർഷ കോഴ്സ്) 20,000/- (രണ്ട് വർഷ കോഴ്സ്) എന്ന തോതിൽ ഫീസ് റീ - ഇംമ്പേഴ്സ്മെന്റ് ആയാണ് സ്കോളർഷിപ്പ് നൽകുന്നത്. | പ്രൈവറ്റ് ഐ.റ്റി.ഐ - കളിൽ ഒരു /വർഷം രണ്ട് വർഷം കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 10% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | 582 |
| | നൈപുണ്യ പരിശീലന പദ്ധതി | | | അസാപ്, KASE, ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖേന നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിയാണിത് | |
| 4 | മദർതെരേസ സ്കോളർഷിപ്പ് | "2225-04-277-89-12(P)" | പ്രതിവർഷം 15,000/ രൂപ (കോഴ്സ് കാലയളവിനുള്ളിൽ ഒറ്റത്തവണ മാത്രം) | കേരളത്തിലെ ഗവൺമെന്റ് നേഴ്സിംങ് കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ, പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 50% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | 68 |

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൗണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ |
|---|---|---|---|---|---|
| 5 | എ.പി.ജെ അബ്ദുൽ കലാം സ്കോളർഷിപ്പ് | "2225-04-277-88-12(P)" | പ്രതിവർഷം 6000/- രൂപ (കോഴ്സ് കാലയളവിനുള്ളിൽ ഒറ്റത്തവണ മാത്രം) | സർക്കാർ/എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 30% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | 82 |
| 6 | മാർഗ്ഗദീപം സ്കോളർഷിപ്പ് | "2225-04-277-86-12(P)" | പ്രതിവർഷം 1500/- രൂപ | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. ഇതിൽ 30% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. പെൺകുട്ടികളുടെ അഭാവത്തിൽ ആൺകുട്ടികളെ പരിഗണിക്കും. | 2000 |
| 7 | റിസർച്ച് ഫെലോഷിപ്പ് | "2225-04-277-85-12(P)" | പ്രതിവർഷം 2,40,000/- രൂപ | സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് /യൂണിവേഴ്സിറ്റി കോളേജുകളിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് ആവിഷ്കരിച്ചിട്ടുള്ള പുതിയൊരു ഫെലോഷിപ്പ് പദ്ധതിയാണ് | 600 |

നോൺ - പ്ലാൻ

| ക്രമ. നം | സ്കോളർഷിപ്പ് പേര് | ഹെഡ് ഓഫ് അക്കൌണ്ട് | തുക | സ്കോളർഷിപ്പ് അനുവദിക്കുന്നവർ | 2025-26 സാമ്പത്തിക വർഷം വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 1. | സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് **(Fresh & Renewal)** | "2225-04-001-99-12 (Non Plan)" | ബിരുദം- 5000/-രൂപ (പ്രതിവർഷം)<br>ബിരുദാനന്തര ബിരുദ- 6000/-രൂപ (പ്രതിവർഷം)<br>പ്രൊഫഷണൽ 7000/-രൂപ (പ്രതിവർഷം)<br>ഹോസ്റ്റൽ സ്റ്റൈപ്പന്റ് - 13000/-രൂപ (പ്രതിവർഷം) | ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥിനികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്നവർക്കാണ് നൽകുന്നത് (ഹോസ്റ്റൽ സ്റ്റൈപ്പന്റ്/പ്രതിവർഷ സ്കോളർഷിപ്പ് ഇവയിൽ ഏതെങ്കിലും ഒന്ന്) | 800 |
| 2. | ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ് | "2225-04-102-92-34-3 (OC) NP" - Implementation of schemes recommended as per Justice Sachar Committee Report | 1000/- രൂപ | ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കും ഉറുദു രണ്ടാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ഗ്രേഡ് നേടിയ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കും നൽകുന്ന സ്കോളർഷിപ്പ് പദ്ധതിയാണിത്. എല്ലാ മതവിഭാഗക്കാർക്കും അപേക്ഷിക്കാവുന്നതാണ്. | ഭരണാനുമതി പ്രൊപ്പോസൽ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ